(16) കെ. എം. എം. എൽ. ജീവനക്കാരനായ അബ്ദുൽ ജബ്ബാർ എന്ന ആളിന്റെ വീട് ആക്രമിച്ച സംഭവം

ശ്രീ. ഷിബു ബേബിജോൺ: സർ, കഴിഞ്ഞ 18-ാം തീയതി പുലർച്ചെ എന്റെ നിയോജകമണ്ഡലത്തിലെ കെ. എം. എം. എൽ. ജീവനക്കാരനായ അബ്ദുൽ ജബ്ബാറിന്റെ വീട് ഏതാനും ചിലർ അടിച്ചു തകർക്കുകയും അവിടെ പാർക്ക് ചെയ്തിരുന്ന കാർ അടിച്ചു തകർക്കുകയും ചെയ്തു. അബ്ദുൽ ജബ്ബാറും കുടുംബവും എക്കാലവും ആർ.എസ്.പി. കുടുംബമായിരുന്നെങ്കിൽ അടുത്ത കാലത്ത് ട്രേഡ് യൂണിയൻ തർക്കങ്ങളിൽ മറുഭാഗത്തുള്ള നിലപാട് കൈക്കൊണ്ട ആളാണ്. അതുകൊണ്ടുതന്നെ അജ്ഞാതരായ ആളുകളാണ് അടിച്ചു പൊളിച്ചതെന്നാണ് പോലീസ് എഫ്.ഐ.ആറിലും മറ്റും പറയുന്നത്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സ്ഥലം സന്ദർശിക്കുകയും പ്രതി എം. എൽ. എ. ആണെന്ന് പ്രഖ്യാപിക്കുകയും അതിനെത്തുടർന്ന് പ്രതിഷേധ പ്രകടനങ്ങൾ നടക്കുകയും, തൊഴിൽ വകുപ്പുമന്ത്രി അതിനെ അഭിവാദ്യം ചെയ്യുകയും ചെയ്തു. അതിപ്പോൾ എനിക്കെതിരായുള്ള പ്രചരണമായി. മന്ത്രി ഇടപെട്ടതുകൊണ്ട് പോലീസും സ്വാഭാവികമായി അങ്കലാപ്പിലാണ്. ഒരു മന്ത്രിക്ക് ഇത്തരം കാര്യങ്ങളിൽ ഇടപെടാമോ ഇല്ലയോ എന്നുള്ളതിന് ഇവിടെ പ്രസക്തിയില്ല. കാരണം സംസ്കാരം അനുസരിച്ചു മാത്രമേ പ്രവർത്തിക്കൂ. ഇക്കാര്യത്തിൽ ലോക്കൽ പോലീസിന് കർശനമായ അന്വേഷണത്തിന് സാധ്യതയില്ലെങ്കിൽ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷണം നടത്തി ഇതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് എന്റെ നിരപരാധിത്വം തെളിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* ബഹുമാനപ്പെട്ട ശ്രീ. ഷിബു പറഞ്ഞതുപോലെ 17-3-2005 രാത്രിയിൽ ചില ആയുധങ്ങളുമായി ഏതാനും പേർ ശ്രീ. അബ്ദുൾ ജബ്ബാറിന്റെ വീട്ടിൽ വന്ന് കാർ അടിച്ചു തകർക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തു. അക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും ആംസ് ആക്റ്റിലെ 20, 27 വകുപ്പുകൾ പ്രകാരവും ചവറ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാരണം രാഷ്ട്രീയ വിരോധമാണെന്ന് അറിയുന്നു. ഇതിനെത്തുടർന്ന് അബ്ദുൽ ജബ്ബാറിന്റെ വീടിന് സമീപം പോലീസ് പോസ്റ്റ് ഏർപ്പെടുത്തി. കൂടുതൽ അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നു. പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യുന്നതിന് പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ഇതാണ് ഇതിന്റെ കൃത്യമായ സംഭവം. ബഹുമാനപ്പെട്ട മന്ത്രിയെ ഇതിൽ വലിച്ചിഴയ്ക്കേണ്ട കാര്യമുണ്ടോ എന്ന് സംശയമാണ്. ഇത് രാഷ്ട്രീയവിരോധമാണെങ്കിലും മന്ത്രിയെ പ്രതിസ്ഥാനത്ത് നിർത്തി ആരോപണം ഉണ്ടാക്കാതിരിക്കുന്നതാണ് നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly